14-ാം കേരള നിയമ സഭ

5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 11 — 25.04.2017-ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ് :<br>ശ്രീ. കെ.സി. ജോസഫ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ.അടൂർ പ്രകാശ് : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സമഗ്ര നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏകീകൃത ഫീസ് നടപ്പിലാക്കുമ്പോൾ മെറിറ്റിൽ മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക്, കുറഞ്ഞ ഫീസിൽ പഠിക്കുന്നതിന് അവസരം ലഭിക്കത്തക്ക വിധത്തിൽ ക്രമീകരണം ഉണ്ടാക്കുവാൻ ആലോചിക്കുമോ ; | (ബി) ഏകീകൃത ഫീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി ഇത് സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ പ്രതികരണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ? | (സി) സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി ഫീസ് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. സ്വാശ്രയ കോളേജ് സംരംഭം മുന്നോട്ട് നടത്തിക്കൊണ്ട് പോകുന്നതിന് സർക്കാർ യാഥാർത്ഥ്യ ബോധത്തോടെ സ്വാശ്രയ/സ്വകാര്യ കോളേജുകളുടെ നടത്തിപ്പ് ചെലവുകൾ മനസ്സിലാക്കി ഈ അദ്ധ്യയന വർഷത്തെ ഫീസ് നിശ്ചയിക്കണമെന്ന് മാനേജ്മെന്റ് പ്രതിനിധികൾ ആവശ്യപ്പെട്ടു. |

സെക്ഷൻ ഓഫീസർ